

FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

17 APRIL 2020

23 SHABAAN 1441 AH

# THE ATTRIBUTES OF ALLAH (Pt.5)
# അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങൾ (ഭാഗം-5)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങൾ (ഭാഗം-5)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ ഇന്ന് ഞാൻ **അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങൾ** എന്ന വിഷയത്തിന്റെ 5-ാം ഭാഗത്തേക്ക് കടക്കുകയാണ്. തന്റെ ദാസന്മാരുടെ മേൽ താൻ പരമാധികാരിയാണെന്ന് അല്ലാഹു(ത) പറയുന്നു. സർവ്വ നിയന്ത്രണവും പരമാധികാരവും അവനു മാത്രമാകുന്നു. അവന് എല്ലാം നശിപ്പിക്കാനുള്ള അധികാരമുണ്ട്. ശിക്ഷിക്കുന്നതിനുള്ള അധികാരവും അവനാകുന്നു. സർവ്വതിനേയും മരിപ്പിക്കുന്നതും, സർവ്വതിനും ജീവൻ നല്കുന്നതും അവനാകുന്നു. തന്റെ കല്പന പ്രകാരം നിങ്ങൾ നാശത്തിലകപ്പെടാതിരിക്കുന്നതിനായി, നിങ്ങളുടെ സംരക്ഷണാർത്ഥം എല്ലാവിധ സൗകര്യങ്ങളുമവൻ ഏർപ്പെടുത്തിയിരിക്കുന്നു. ഇതേവിഷയം വിശുദ്ധഖുർആനിൽ വിവിധ സ്ഥലങ്ങളിലായി സൂചിപ്പിച്ചിരിക്കുന്നു. അതായത്, നിങ്ങൾ (മനുഷ്യർ) തെറ്റുകളനവധി ചെയ്തിട്ടുണ്ട്. എത്രത്തോളമെന്നു വച്ചാൽ, നിങ്ങളെ ഭൂമുഖത്തു നിന്നും അല്ലാഹു ഉന്മൂലനം ചെയ്യത്തക്കവിധം, നിങ്ങളുടെ മേൽ മാത്രമല്ല, സർവ്വചരാചരങ്ങളോടും അത് ചെയ്യുന്നതിനുള്ള അധികാരം അവന്റെ മാത്രം അവകാശ പരിധിയിൽ വരുന്നത്ര.

വിശുദ്ധഖുർആനിൽ ഒരിടത്തു പറഞ്ഞിരിക്കുന്നത് ഇപ്രകാര

മാണ്. ആ അവകാശം അവനിൽ (അല്ലാഹുവിൽ) നിക്ഷിപ്തമായിരിക്കുന്നതിനാലാണ് അവൻ ഓരോ മനുഷ്യനേയും അവൻ ദൃശ്യനായോ, അദൃശ്യനായോ (രാവിലോ, പകലിലോ) എവിടെപ്പോകുമ്പോഴും, അവനെ സംരക്ഷിക്കുന്നതിനായി, മലക്കുകളെ അവന്റെ ഒപ്പം അയയക്കുന്നത്. അവനെ എന്തിൽ നിന്നും സംരക്ഷിക്കുന്നതിന്? അല്ലാഹുവിന്റെ കല്പനകളിൽ നിന്നും സംരക്ഷിച്ചു നിർത്തുവാൻ വേണ്ടി.

അപ്പോൾ, നാം ഇവിടെ പ്രതിപാദിക്കുന്ന വിഷയമെന്താണ്? അത് ജീവൻ നല്കുന്നതിനുള്ള ദൈവീക കല്പനയും, മരിപ്പിക്കുന്നതിന് (ജീവൻ എടുക്കുന്നതിനുള്ള) ദൈവീക കല്പനയും തന്നെ. ദൈവീക കല്പന കൂടാതെ മരണം വരിക്കുവാൻ ഒരാൾക്കും അവകാശമില്ല. അങ്ങനെ അല്ലാഹുവിന്റെ ദൈവീക കല്പന പ്രകാരമേ ഒരാൾ മരണത്തെ പുൽകുകയുള്ളു എന്നു വരികിൽ, അല്ലാഹു നമ്മോട് പറയുന്നു അവന്റെ സ്വന്തം കല്പനപ്രകാരമാണ് അവൻ ഒരു നിശ്ചിതകാലം ഭൂമിയിൽ നമ്മെ സംരക്ഷിക്കുന്നതും, അവന്റെ മറ്റേ കല്പന നടപ്പിലാക്കുന്നതിൽ നിന്നും ആ സമയപരിധിവരെ നമ്മെ സംരക്ഷിക്കുന്നതും, അങ്ങനെയൊരു കാര്യം അല്ലാഹു ചെയ്യുന്നില്ലാ എങ്കിൽ അല്ലാഹു തീർത്തും പരമാധികാരി മാത്രമാകും. അവന്റെ ശക്തി (അധികാരം) എത്രത്തോളം എന്നു നോക്കിയാൽ ഈ ഭൂമുഖത്തുള്ള സർവ്വതിനെയും വേരോടെ പിഴുതുമാറ്റുവാനുള്ള ശേഷി അവനുണ്ട്. പക്ഷേ, അതേ സമയം അവന്റെ മറ്റു കല്പനകൾ നിങ്ങളെ ബാധിക്കാതെ, അവയിൽ നിന്നും നിങ്ങളെ സംരക്ഷിച്ചു നിർത്തുന്നതും അവന്റെ ദൈവീക കല്പന പ്രകാരം തന്നെയാണ്.

മറ്റൊരു സ്ഥലത്ത്, ഒരു വ്യക്തിയുടെ മരണം വരിക്കുന്നതിനുള്ള അല്ലാഹുവിൽ നിന്നുള്ള കല്പന വരാത്തിടത്തോളം കാലം അല്ലാഹു അവനെ ദൈവീക കല്പനപ്രകാരം സംരക്ഷിക്കുന്നതാണെന്ന് പറഞ്ഞിരിക്കുന്നു. അവന് മരണത്തിന്റെ സമയം സമാഗതമാകുമ്പോൾ അല്ലാഹു(ത) തന്റെ മലക്കുകൾക്ക് ഇതു സംബന്ധിച്ച് സന്ദേശം നല്കുകയും, ആ പറയപ്പെട്ട ആളുടെ ജീവൻ

(ആത്മാവ്) യാതൊരുവിധ അമിതത്വമോ, അന്യായമോ കാണിക്കാതെ, താൻ പറഞ്ഞതിൻ പ്രകാരം, സ്വീകരിച്ച് തിരികെ വരാൻ കല്പിക്കുകയും ചെയ്യുന്നു.

ഇവിടെ, ഞാൻ മുമ്പ് നിങ്ങൾക്ക് വിശദമാക്കിത്തന്നതുപോലെ, ഹഖ് എന്ന പദം സൂചിപ്പിച്ചിരിക്കുന്നതുപോലെ, തുടർന്ന്, എല്ലാ ആത്മാവും തന്റെ സത്യസന്ധനായ യജമാനനിലേക്ക് (അല്ലാഹുവിലേക്ക്) തന്നെ മടങ്ങിച്ചെല്ലുന്നതാണ് എന്നും സൂചിപ്പിച്ചിരിക്കുന്നു. അതിനുള്ള കല്പന വരുന്നതും അവനിൽ നിന്നുതന്നെ. പിന്നീട് അവൻ ഓരോ ആത്മാവിന്റേയും കണക്കുകൾ തീർപ്പാക്കുകയും ചെയ്യുന്നതാണ്.

മാലിക്കി യൗമിദ്ദീൻ എന്ന സവിശേഷത പരിപൂർണ്ണ സത്യവാൻ (Truth) എന്ന സവിശേഷതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ബന്ധം നമ്മുടെ കർമ്മങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. ഇത് നമ്മുടെ പ്രവർത്തികളെ നാം നിരന്തരം വിശകലനം ചെയ്യുന്നതിനുള്ള കല്പനയും നമുക്ക് നല്കുന്നുണ്ട്. പരമാധികാരിയായ അല്ലാഹുവിൽ നിന്നും എങ്ങോട്ടേക്കും ഒളിച്ചോടി രക്ഷപ്പെടാൻ നിങ്ങൾക്കു സാധിക്കുന്നതല്ല എന്ന താക്കീതും ഇത് നമുക്ക് നൽകുന്നു. നമ്മെ അവന്റെ മരണമെന്ന ദൈവീക കല്പനയെ മാറ്റിനിർത്തി, (അതിന്റെ സമയം ആകുന്നതുവരെ സാവകാശം അനുവദിക്കുന്ന അല്ലാഹുവിന്റെ ശീലം) മറ്റു കല്പനകളെ ചലനാത്മകമാക്കി നമ്മെ തുടർന്നും സംരക്ഷിക്കുന്നത്, അല്ലാഹുവിന്റെ അപാരമായ ഔദാര്യങ്ങളിൽ ഒന്നുതന്നെയാണ്. ആ അന്തിമവിധി (മരണമെന്ന കല്പന) വരുംവരേയും, അവസാന ശ്വാസം വരെയും നമ്മെ സംരക്ഷിക്കുമെന്ന കല്പന തുടർന്നു കൊണ്ടേയിരിക്കുന്നു. മരണം ആസന്നമായാൽ, അതുസംബന്ധിച്ച് അല്ലാഹുവിന്റെ കല്പനയിൽ നിന്നുമാണ്, അതുപ്രകാരമാണ്, അത് സംഭവിക്കുന്നത്, അപ്പോൾ, നിങ്ങൾക്ക് ന്യായവിധിനാളിന്റെ നാഥനായ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകേണ്ടതും അവിടെ കണക്കുബോധിപ്പിക്കുന്നതിനും തുടർന്ന് വിധികേൾക്കുന്നതിനും സാക്ഷിയാകേണ്ടതുമാണ്.

വിശുദ്ധഖുർആൻ ഇതു സംബന്ധിച്ച് വളരെ വ്യക്തമായി വിശദീകരണം നല്കുന്നുണ്ട്. അല്ലാഹു സത്യമാകുന്നു. അവൻ തന്നെയാണ് ആത്യന്തികമായ സത്യം. സത്യം കൊണ്ടു തന്നെയാണ് അവൻ കണക്കുകൾ തീർപ്പാക്കുന്നതും, ആരോടും അവൻ അമിതത്വം കാണിക്കുകയില്ല. അങ്ങേയറ്റം പൂർണ്ണമായ ന്യായത്തോടും, നീതിയോടും കൂടി മാത്രമേ അവൻ വിധി പറയുകയുള്ളു. കണക്കുകൾ അതിവേഗം തീർപ്പാക്കുന്ന ഒരേയൊരു ശക്തിപ്രഭാവം അവൻ മാത്രമാകുന്നു. ഈ നൈമിഷിക ലോകത്ത് (താത്കാലിക വാസസ്ഥലത്ത്) ജീവിച്ചിരിക്കുന്നിടത്തോളം കാലം അവൻ നിങ്ങൾക്ക് സമയം നീട്ടി നല്കുന്നു. പക്ഷേ, മരണം പുല്കിക്കഴിഞ്ഞാൽ പിന്നെ അവൻ വെച്ചുനീട്ടില്ല. കണക്ക് എടുപ്പും തീർപ്പാക്കലും അതിവേഗത്തിലാണ്.

പൂർണ്ണമായും പരമാധികാരമുള്ള ദൈവമാണ് അല്ലാഹു. പരമാധികാരിയായി, പരമസത്യമായി അല്ലാഹു നിങ്ങളുടെ മുന്നിൽ പ്രത്യക്ഷപ്പെടും. അപ്പോൾ ശിക്ഷയിൽ നിന്നും രക്ഷ നേടണമെങ്കിൽ, നിങ്ങൾ ആ പരമസത്യത്തെ നിങ്ങളുടെ യജമാനൻ ആയി സ്വീകരിക്കണം. അല്ലാഹു ആണ് പരമസത്യം. മൗലാ എന്ന പദം ചങ്ങാതി എന്ന അർത്ഥം വഹിക്കുന്നു. നിങ്ങളെ സഹായിക്കുന്നവൻ, നിങ്ങളെ സംരക്ഷിക്കുന്നവൻ, എന്നൊക്കെ അതിന് അർത്ഥമുണ്ട്. അല്ലാഹു നമ്മോട് പറയുന്നത് നാം അവനിലേക്ക് (പരമസത്യത്തിലേക്ക്) മടങ്ങിച്ചെല്ലണമെന്നാണ്. അപ്പോൾ ഇഹലോകത്ത് നിങ്ങൾ ആ സത്യവുമായി (അല്ലാഹുമായി) ബന്ധം സ്ഥാപിച്ചില്ലെങ്കിൽ, ആ സത്യത്തെ (അല്ലാഹുവിനെ) സ്വീകരിച്ചില്ലെങ്കിൽ പാരത്രിക ലോകത്ത് അവന് നിങ്ങളോട് ഒരു ബന്ധവും കാണിക്കുകയില്ല.

ശിക്ഷയിൽ നിന്നും നിങ്ങൾക്ക് രക്ഷപ്പെടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ആ പരമസത്യത്തെ നിങ്ങളുടെ മൗലാ (ചങ്ങാതി)യാക്കണം. അല്ലെങ്കിൽ നിങ്ങളെ രക്ഷപ്പെടുത്തില്ല, ഇഹലോകത്ത് അസത്യത്തെ കൂട്ടാളിയാക്കിയവർ; അവർ തങ്ങളുടെ ഓരോ പ്രതിസന്ധിഘട്ടത്തിലും കള്ളത്തെ കൂട്ടുപിടിക്കും. തങ്ങ

ളുടെ ആർത്തിയെ തൃപ്തിപ്പെടുത്താനായും അവർ കള്ളം പറയും; സമൂഹത്തിൽ പേരും പെരുമയും നേടാനും അവർ കള്ളം പറയും; കണക്കുകൾ തീർപ്പാക്കുന്ന വേളയിൽ അതിൽ നിന്നും രക്ഷപ്പെടാൻ അവർ കള്ളത്തെ കൂട്ടുപിടിയ്ക്കും, ചുരുക്കിപ്പറഞ്ഞാൽ അവരുടെ അകവും പുറവുമെല്ലാം കള്ളത്താൽ മൂടപ്പെട്ടിരിക്കും) വിധി നാളിൽ സ്വരക്ഷാർത്ഥം സത്യം പറയുകയാണെങ്കിൽ അതേറ്റവും വലിയ നുണയായി മാറും. ഖുർആനിൽ ഇതിന് സുവ്യക്തമായ ഒരു ഉദാഹരണം നല്കിയിരിക്കുന്നു. അതിൽ സൂചിപ്പിച്ചിരിക്കുന്നത് ഇപ്രകാരണമാണ്. കണക്കെടുപ്പു ദിനത്തിൽ അല്ലാഹുവിന്റെ സംരക്ഷണം തേടുന്നതിനുപകരം, കള്ളത്തെ ആശ്രയിച്ച് അതിന്റെ സംരക്ഷണം തേടി പാഞ്ഞുനടക്കുന്ന ചില ശുദ്ധവിഡ്ഢികളെ നിങ്ങൾക്ക് കാണാം എന്നത്രേ ആപരാമർശം.

ശരിയല്ല എന്നു ബോധ്യമുള്ള കാര്യംതന്നെ പറയുന്നതിനെയാണ് കള്ളം പറയൽകൊണ്ട് അർത്ഥമാക്കുന്നത്. നിങ്ങൾക്കറിയാം, നിങ്ങളുടെ കൂടെയുള്ളയാൾ/സഹോദരൻ/മനുഷ്യൻ ആ കാര്യം ചെയ്തിട്ടില്ലാ എന്ന്. എന്നിട്ട് മനഃപൂർവ്വമായി നിങ്ങൾ അവനത് ചെയ്തു എന്നുപറയുന്നു അതാണ് കള്ളം. അങ്ങനെപറയുന്നവനാണ് കള്ളൻ. വിശുദ്ധഖുർആനിൽ 3-ാം അധ്യായത്തിൽ (ആലുഇംറാൻ സൂക്തം 62ൽ) അല്ലാഹുവിന്റെ ശാപം കള്ളംപറയുന്നവരുടെ മേൽ എന്നുപറഞ്ഞിരിക്കുന്നു.

തിർമിദി റിപ്പോർട്ട് ചെയ്തിരിക്കുന്ന ഹദീസ്പ്രകാരം കള്ളം പാപത്തിലേക്കും പാപം നരകത്തിലേക്കും നയിക്കുന്നു. അമിതമായി കള്ളം പറയുക നിമിത്തം ഒരു വ്യക്തി അല്ലാഹുവിന്റെ ദൃഷ്ടിയിൽ മഹാകള്ളൻ എന്ന് മുദ്രീതമായിപ്പോകുന്നു. വിശ്വാസിയായ ഒരാളോളം മൂല്യം കള്ളത്തിന് (അസത്യത്തിന്) കിട്ടില്ല. ഇത് അങ്ങേയറ്റം ലജ്ജാകരമായ ഒരു പ്രവൃത്തിയും, ഒരു മനുഷ്യനെ മറ്റുള്ളവരുടെ മുന്നിൽ വിലകെട്ടവനാക്കി മാറ്റുന്ന ഒന്നുമത്രേ. അങ്ങനെ നോക്കുമ്പോൾ അന്തസ്സുള്ള ഒരുവന് പറ്റിയ പണിയല്ല കള്ളം പറയൽ, ശരീഅത്തിന്റെ പരിധിക്കുവെളിയിലുള്ള ഒരു ആചാരത്തെ പിന്തുണയ്ക്കുന്നതും, അതിന് പ്രചാരണം നല്കുന്നതും കള്ളം

പറയൽ തന്നെയാണ്. ഒരു സമൂഹത്തെയാകമാനം വഴിതെറ്റിക്കാനുള്ള സാധ്യതയും കൂടി അതിന് ഉള്ളതിനാൽ ഇത്തരം കള്ളങ്ങൾ ഗൗരവമായി കാണുന്നു. ഈ കള്ളം ബുഹ്താനുമാണ് (വ്യാജവാദം/ആക്ഷേപം, അതായത് അല്ലാഹുവിനെയും അവന്റെ ദൂതനെയും ആക്ഷേപിക്കുക). ഇത്തരക്കാർ അസത്യത്തെ വിശ്വസനീയമാക്കി മാറ്റും. അവർ ആളുകളെ, ഇത് അല്ലാഹുവിൽ നിന്നുള്ള കല്പനയും തിരുനബി(സ)യുടെ അധ്യാപനവുമാണ് എന്നു പറഞ്ഞ്, വിശ്വസിപ്പിക്കും. പക്ഷേ, തങ്ങൾ പറയുന്നത് തീർത്തും കള്ളമാണെന്ന് അവർക്ക് ബോധ്യവും കാണും. ഭൗതീകമായ നേട്ടം കൈവരിക്കുന്നതിനും, മറ്റുള്ളവരുടെ മുന്നിൽ ഹാസ്യപാത്രം ആകാതിരിക്കുന്നതിനും ഒക്കെയാണ് അവർ ഇങ്ങനെ പെരുമാറുന്നത്.

ചിലപ്പോൾ സത്യമല്ലാത്ത ചിലകാര്യങ്ങൾ ചിലർ പറയും, പക്ഷേ, അത് മനഃപൂർവ്വമായിരിക്കില്ല. തെറ്റിദ്ധാരണകൊണ്ടോ, അബദ്ധം കൊണ്ടോ പറഞ്ഞുപോകുന്നതാണ് അത്. ഇത്തരക്കാർക്ക് അത്തരം കള്ളത്തിൽ നിന്നും ഒഴിയാനുള്ള വഴി പറയുന്നതിനുമുന്നേ വേണ്ട മുൻകരുതലുകൾ സ്വീകരിക്കുക എന്നതാണ്. അവനത് അലസതകൊണ്ട്, സൂക്ഷ്മത പാലിക്കാതെ, പറയുകയാണ് എങ്കിൽ ആ അലസതയ്ക്ക് അല്ലാഹുവിന്റെ മുന്നിൽ അവൻ കുറ്റക്കാരനാകും. അതുകൊണ്ടാണ് ദീനിനെപറ്റി സംസാരിക്കുമ്പോൾ വളരെയധികം ശ്രദ്ധിക്കണമെന്നും സൂക്ഷ്മത പാലിയ്ക്കണമെന്നും പറയുന്നത്. നിങ്ങൾക്ക് അറിവില്ലാത്ത കാര്യം അങ്ങ് ശരിയാണെന്നു കരുതി പ്രഖ്യാപിയ്ക്കരുത്.

ഇത്തരം തെറ്റുകൾവരുത്തിവെക്കുന്ന നിരവധിയാളുകൾ, ഉലമാക്കൾ ഉൾപ്പടെ നമ്മുടെ ഇന്നത്തെ സമൂഹത്തിലുണ്ട്. അവർ ഖുർആൻ വചനങ്ങളും, ഹദീസ് റിപ്പോർട്ടുകളും തെറ്റായി വ്യാഖ്യാനിക്കുന്നു. അതുവഴി പൊതുജനങ്ങളെ വഴികേടിലാക്കുകയും ചെയ്യുന്നു.


ശരിയായ അറിവില്ലാതെ ദീനിനെപറ്റി പറയുന്നത് ഗൗരവമായതെറ്റും, അല്ലാഹുവിനെയും അവന്റെ ദൂതനെയുംപറ്റി കള്ളം

പറയുന്നതിനു തുല്യമായ ഒന്നുമാണ്. നിങ്ങൾ സത്യമല്ലാത്തത് പറഞ്ഞു എന്നതാണ് തെറ്റ്. മറ്റൊരാളെ ചതിച്ച് സ്വയം നേട്ടങ്ങൾ കൈവരിക്കുന്നതിനായി ഒരാൾ സ്വരുക്കൂട്ടുന്ന അസത്യങ്ങളുടെ നിര, സത്യസന്ധരും, വിശ്വസ്തരും ആയ ഭക്തദാസന്മാർക്ക് അല്ലാഹു സ്വരുക്കൂട്ടിവച്ചിരിക്കുന്ന പ്രതിഫലങ്ങളുമായി തുലനം ചെയ്യുമ്പോൾ ഒന്നുമല്ല എന്ന് തിരിച്ചറിയുക. ഈ ഒന്നുമില്ലായ്മ യിലേക്ക് എത്തിച്ചേരാൻ ഒരു നിശ്ചിത സമയപരിധി മാത്രമേ നമ്മുടെ മുന്നിലുള്ളു. അതിനാലാണ് നിങ്ങളോട് പറയപ്പെടുന്ന ത്. സത്യം പറയുക, സത്യം ചര്യയാക്കുക, സത്യത്തിൽ സ്ഥിര ചിത്തരായി ചരിക്കുക, സത്യത്തെ വ്യാപനം ചെയ്യുക. അല്ലാഹു വിന്റെ ദൃഷ്ടിയിൽ അർത്ഥമുള്ളവരായി ഗണിയ്ക്കപ്പെടാനുള്ള ഏകവഴി അതുമാത്രമാണ്. നമുക്ക് നമ്മളിൽ അല്ലാഹുവിന്റെ സത്യ മെന്ന ഗുണത്തെ സന്നിവേശിപ്പിക്കാം. അല്ലാഹുവാണ് പരമസ ത്യം. നാം സത്യത്തിൽ അധിഷ്ഠിതമായി ജീവിക്കുന്നതും, ജീവി തത്തിൽ സത്യം പാലിക്കുന്നതും, അല്ലാഹു ഇഷ്ടപ്പെടുന്നു. അങ്ങനെ നിങ്ങൾ സത്യത്തിൽ ചരിക്കുവാൻ പ്രയത്നിക്കുമ്പോൾ സ്വാഭാവികമായും കാഠിന്യമേറിയ പരീക്ഷണങ്ങൾക്ക് നിങ്ങൾ വിധേയരാകേണ്ടി വരും. സത്യം പറയാതിരിക്കാനുള്ള പ്രേരണ കൾ പലപ്പോഴും നമ്മെ കീഴടക്കാനാഞ്ഞുവരും. പക്ഷേ, സത്യം മാത്രം പറയുന്നതിനും, അതിൽ സ്ഥിരചിത്തരായി ചരിക്കുന്നതി നും, നിങ്ങൾക്ക് വമ്പിച്ച പ്രതിഫലം ലഭിക്കുന്നതാണ് എന്ന് നിങ്ങൾ അറിയണം. മറ്റൊരുപാടു കാര്യങ്ങൾ നമുക്ക് നഷ്ടമാ യേക്കും. അല്ലാഹുവിനു വേണ്ടി ആ നഷ്ടങ്ങളെ സഹിയ്ക്കാൻ നാം തയ്യാറാകണം. അനതിവിദൂരഭാവിയിൽ നമുക്ക് ലഭ്യമാകുന്ന നേട്ടങ്ങളോളം വരില്ല അവയൊന്നും തന്നെ. പിന്നീട് നിങ്ങളെ പശ്ചാത്തപിക്കാനിടയാക്കുന്ന രീതിയിലുള്ള നഷ്ടമൊന്നും ആയി രിക്കില്ല അത്. ഈ പ്രത്യേക നഷ്ടം നിങ്ങളെ വിജയകീരിടം ചൂടി ക്കുക തന്നെ ചെയ്യും. ഇത് നിറയെ ഫലങ്ങൾ ചുമക്കുന്ന ഒരു വൃക്ഷത്തിന് ജന്മം നല്കുന്ന വിത്ത് സഹിയ്ക്കുന്ന കഷ്ടംപോലെ യാണ്.

ജമാഅത്ത്സ്സഹീഹുൽ ഇസ്ലാമിലെ അംഗങ്ങളും, ലോകമുസ്ലിംകളും, അല്ലാഹുവിന്റെ സവിശേഷഗുണങ്ങൾ എന്ന വിഷയത്തിൽ ഞാൻ നല്കിയ വിശദീകരണങ്ങളെപ്പറ്റി ആഴത്തിൽ വിശകലനം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഓരോ ദിവസവും, അല്ലാഹുവിന്റെ ഗുണനാമങ്ങൾ പാരായണം ചെയ്യുന്നതും, അതിനെപറ്റി വായിക്കുന്നതും നമ്മുടെ കടമയാക്കി മാറ്റാം നമുക്ക്. ഇൻശാ അല്ലാഹ്. അനുഗ്രഹീത ദിനങ്ങളുടെ പ്രയോജനം ഉൾക്കൊള്ളാൻ നമുക്കേവർക്കും സാധ്യമാകട്ടെ. ഇൻശാഹ് അല്ലാഹ്, കൂടുതൽ പേർക്കും അല്ലാഹുവിലേക്ക് തിരിയുവാനും, അവന്റെ പ്രീതിനേടുവാനും സാധിക്കുമാറാകട്ടെ. പ്രയാസമേറിയ കാലഘട്ടത്തിലൂടെ കടന്നുപോകുന്ന നമുക്ക് അല്ലാഹുവിന്റെ കരുണലഭ്യമാകുന്നതിന്, ദിക്റിലൂടെയും, ദുആകളിലൂടെയും നമ്മുടെ ലോകത്തെ പുനരുദ്ധരിയ്ക്കുന്നതിനായി നമുക്കെല്ലാവർക്കും പ്രാർത്ഥിയ്ക്കാം. ഔദ്യോഗികമായി പറയുകയാണെങ്കിൽ ലോകമെമ്പാടുമായി രണ്ട് മില്യനിലേറെ കോവിഡ്-19 പോസിറ്റീവ് രോഗികളും, 145000 -ലേറെ മരണവും റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു.

സൂറഅത്തൗബ (9-ാ അധ്യായം)യിലെ 38-ാം വചനമോതിക്കൊണ്ട് ഞാനീ പ്രഭാഷണം അവസാനിപ്പിക്കുകയാണ്.

എന്നാൽ ഐഹികജീവിത നേട്ടം പരലോകജീവിതത്തെ അപേക്ഷിച്ച് എത്രയും നിസ്സാരമാണ്.



***Translated By :***
***Mukarram R. Jamaludin Raother***
***Fauzia Jamal Zain & Fazil Jamal***
***Issued By :***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***